## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6875

10.07.2014-ലെ മറുപടിയ്ക്ക്

### ശരണ്യ തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. പി.എ. മാധവൻ | **ശ്രീ. ഷിബു ബേബിജോൺ**<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ശരണ്യ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ; | (എ) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന അശരണരായ തൊഴിൽ രഹിതരായ വനിതകളെ സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുകയും ആയതിന് ധനസഹായം നൽകുകയുമാണ് ശരണ്യ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീ ശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.<br>ഈ പദ്ധതി പ്രകാരം നിലവിൽ 14 ജില്ലകളിലായി 5000 ത്തോളം വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ആർക്കെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും, പ്രായം 18 നും 55 നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ / ഭർത്താവ് ഉപേക്ഷിക്കുകയോ / ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതകളായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ട്. |

(തുടർച്ച........2)

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് പദ്ധതി വഴി ലഭ്യമാകുന്നത് : വിശദമാക്കുമോ :

(സി) ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പയാണ് പദ്ധതി പ്രകാരം നൽകുന്നത്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്റ്റിന് അനുസരിച്ച് ഒരു പദ്ധതിയ്ക്ക് പരമാവധി 50,000/- രൂപ വരെയാണ് സാധാരണ ഗതിയിൽ വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്റ്റ് വിലയിരുത്തി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50% അതായത് പരമാവധി 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ) വരെ സബ്സിഡിയായി അനുവദിക്കുന്നു. 50,000/- രൂപ വരെ പലിശ രഹിത വായ്പയാണ് നൽകുന്നത്. 50,000/- രൂപയ്ക്ക് മേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾ 3% പലിശ (ഫ്ളാറ്റ് നിരക്കിൽ) 50,000/-രൂപയ്ക്ക് മേലുള്ള സംഖ്യയ്ക്ക് നൽകേണ്ടതാണ്. പദ്ധതി പ്രകാരം സ്വയംതൊഴിൽ ധനസഹായത്തിന് പരിഗണിച്ചവർക്ക് സൗജന്യമായി Rural Self Employment Training Institute കൾ((RSETI) വഴി സംരംഭകത്വ വികസന പരിശീലനം നൽകുന്നു. കൂടാതെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി പ്രവർത്തിക്കുന്ന സ്വയംതൊഴിൽ യൂണിറ്റുകൾ വഴി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്.

(തുടർച്ച......3)

| | | | |
|---|---|---|---|
| (ഡി) | ആനുകൂല്യങ്ങളും സഹായങ്ങളും യഥാസമയം ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | മുൻസാമ്പത്തിക വർഷങ്ങളിൽ സ്വീകരിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ അടിയന്തിരമായി പദ്ധതി പ്രകാരം വായ്പയ്ക്ക് ശുപാർശ ചെയ്യുന്നതിനായി ജില്ലാതല സമിതിയ്ക്ക് സമർപ്പിക്കുവാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കമ്മിറ്റി പാസാക്കിയ അപേക്ഷകളിലെ ഗുണഭോക്താക്കൾക്ക് ഓരോ ജില്ലയിലെയും ബാങ്കുകളുമായി ബന്ധപ്പെട്ട RSETI കൾ (Rural Self Employment Training Institute ) വഴി സംരംഭകത്വ വികസന പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ